Circular No.122
World Media Day 2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 6-11-2012

പ്രിയദൈവജനമെ,

ആഗോളസഭ നവംബർ 18-ാം തീയതിയായ ഇന്ന് സമ്പർക്കമാധ്യമദിനമായി ആചരിക്കുകയാണ്. വിവിധ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കേണ്ട കടമ നമ്മെ അനുസ്മരിപ്പിക്കാനും ഇന്നത്തെ മാധ്യമങ്ങൾ നമ്മിൽ ചെലുത്തുന്ന തെറ്റായ സ്വാധീനത്തെക്കുറിച്ച് ബോധവാന്മാരായി അതിനെ ചെറുക്കേണ്ടതിന്റെ ആവശ്യകത ഓർമ്മപ്പെടുത്താനുമുള്ള ദിവസമാണിത്. മനുഷ്യമനസിന്റെ ഭാവനയെ ഉദാത്തീകരിക്കാൻ ഉതകുന്ന നല്ല ആശയങ്ങൾ അവ പകരുന്നുണ്ട്. അതേ സമയം മനുഷ്യമനസിനെ മലിനമാക്കുന്നവയും മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഏതാണ് നന്മയെന്നും ഏതാണ് തിന്മയെന്നും തിരിച്ചറിയാനുള്ള വിവേകം ആധുനിക മാധ്യമ സംസ്കാരത്തിൽ ജീവിക്കുന്ന നമുക്ക് അത്യാവശ്യമാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രധാന മാനദണ്ഡമായി നിലകൊള്ളേണ്ടത് ക്രൈസ്തവ മൂല്യങ്ങളാണ്. നല്ല ആശയങ്ങൾ പ്രദാനം ചെയ്യുന്ന മാധ്യമങ്ങളെ പ്രോത്സാഹിപ്പിക്കാനും അതേ സമയം ദുഷിച്ച ആശയങ്ങളും തെറ്റിധാരണകളും പ്രചരിപ്പിക്കുന്ന മാധ്യമങ്ങളെ തള്ളിപറയാനുള്ള ആർജ്ജവം പ്രകടിപ്പിക്കുകയും വേണം. ധാർമ്മിക ചൂഷണത്തിന് കളമൊരുക്കുന്ന മാധ്യമങ്ങൾക്കെതിരെ ശബ്ദം ഉയർത്തുവാനുള്ള ബാധ്യതയും ക്രൈസ്തവനുണ്ട്.

മാധ്യമദിനത്തോടനുബന്ധിച്ച് പരി. പിതാവ് ബനഡിക്ട് 16-ാമൻ പാപ്പ തന്റെ സന്ദേശത്തിൽ മനുഷ്യർ തമ്മിലുള്ള സമ്പർക്കത്തിന് ആവശ്യമായ രണ്ടു കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അത് നിശബ്ദതയും വാക്കുമാണ്. ഇവ ആശയവിനിമയത്തിലെ രണ്ടു വശങ്ങളാണ്. ജനങ്ങൾ തമ്മിൽ ആത്മാർത്ഥമായ സംവാദവും ദൃഢമായ അടുപ്പവും ഉണ്ടാകാൻ ഇവ രണ്ടും ആവശ്യമാണ്. ആശയവിനിമയത്തിലെ ഒരു മൗലിക ഘടകമാണ് നിശബ്ദത. ഇതുവഴി മറ്റുള്ളവരെ കേൾക്കാനും നമ്മെതന്നെ മനസിലാക്കാനും നമുക്കു കൂടുതൽ കഴിവുലഭിക്കുന്നു. ഇവിടെ ആശയങ്ങൾ ഉരുത്തിരിയുകയും ആഴമുള്ളതാവുകയും ചെയ്യുന്നു. കുരിശിലെ ത്യാഗത്തിന്റെ നിശബ്ദതയിലാണ് ദൈവസ്നേഹത്തിന്റെ പൂർണ്ണത നാം കാണുക. അതുപോലെ നമ്മുടെ നിശബ്ദതയുടെ ആഴങ്ങളിൽ, ദൈവതിരുമുമ്പിൽ തുറന്നുവച്ച മനസുമായി നമുക്ക് ദൈവവുമായി സമ്പർക്കത്തിൽ ഏർപ്പെടാൻ കഴിയും. ആന്തരിക ജീവിതം പോഷിപ്പിക്കുന്നതിലൂടെ മാത്രമേ ദൈവം, മനുഷ്യഹൃദയങ്ങളിൽ ആലേഖനം ചെയ്തിരിക്കുന്ന അറിവിലേക്കുള്ള വഴി തുറക്കപ്പെടുകയുള്ളൂ (G.S.14).

നമ്മുടെ പ്രായോഗിക ജീവിതത്തിലും പരിശുദ്ധ പിതാവിന്റെ നിർദ്ദേശം വളരെ പ്രയോജനകരമാണ്. പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പലരീതിയിലാണ് പലരും പ്രതികരിക്കുക. കേട്ടവർ കേട്ടവർ കാര്യങ്ങൾ ശരിയായി മനസിലാക്കാതെ അഭിപ്രായം പറഞ്ഞ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കാനിടയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സത്യം അറിയുന്നതുവരെ മൗനം ദീക്ഷിക്കുന്നതായിരിക്കും വിവേകപൂർണ്ണമായ സമീപനം. എന്നാൽ ചില സാഹചര്യങ്ങളിൽ പറയേണ്ട കാര്യങ്ങൾ വ്യക്തമായും കൃത്യമായും പറയാൻ മടിക്കുന്നത് തെറ്റാണ്. ആയതിനാൽ പ്രായോഗിക ജീവിതത്തിൽ മൗനവും വാക്കും ബുദ്ധിപൂർവ്വം ഉപയോഗിക്കാൻ പഠിക്കേണ്ടത് ആവശ്യമാണ്.

ഓരോ ദിവസവും നൂതനങ്ങളായ സാങ്കേതിക വിദ്യകളുപയോഗിച്ച് മാധ്യമ രംഗം കൂടുതൽ ജനകീയമാകുന്നു. മാറിമാറിവരുന്ന ഈ നൂതന സംവിധാനങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തിയില്ലെങ്കിൽ നാം പിന്തള്ളപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇന്ന് എല്ലാ മേഖലകളിലും മാധ്യമങ്ങളെ ശ്രദ്ധാപൂർവ്വം നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. നവസുവിശേഷവത്കരണത്തിന്റെ ഒരു കാലഘട്ടത്തിലാണല്ലോ നാം. ഈ മേഖലയിലുള്ള പ്രവർത്തനങ്ങൾക്കും മാധ്യമലോകത്തെ പുതിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയേ മതിയാകൂ.

സാധാരണമായി ചോദിക്കാത്ത ചോദ്യങ്ങളുമായി പുതുതലമുറ മാധ്യമമേഖലയിൽ രംഗപ്രവേശനം ചെയ്തു കഴിഞ്ഞു. മാധ്യമലോകത്തെ വിവിധതരത്തിലുള്ള സേർച്ച് എൻജിൻ, സോഷ്യൽ നെറ്റ്‌വർക്കുകൾ എന്നിവ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാരണം അവ ഇന്ന് ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ചിന്തിക്കാനും യഥാർത്ഥ ചോദ്യങ്ങൾ ചോദിക്കാൻ ആളുകളെ സജ്ജമാക്കാനും ഇവയുടെ ശരിയായ ഉപയോഗം നമ്മെ സഹായിക്കും. ചെറിയ ശൈലികൾ കൊണ്ട്, ദൈർഘ്യം കുറഞ്ഞ വാക്കുകൾകൊണ്ട് ആഴമുള്ള ചിന്തകൾ ഇവയിലൂടെ കൈമാറാൻ നമുക്കു സാധിക്കും. എന്നാൽ ഇവയുടെ സാധ്യതകൾ ഉപയോഗിച്ച് അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രചരിപ്പിച്ച് സഭയെയും സമുദായത്തെയും ഛിന്നഭിന്നമാക്കാൻ ശ്രമിക്കുന്നവരുടെ കുതന്ത്രങ്ങൾ തിരിച്ചറിയാൻ നാം ഏറെ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്.

സഭ മാധ്യമദിനം ആചരിക്കുമ്പോൾ നമ്മുടെ അതിരൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്. കോട്ടയം അതിരൂപതയെ ഒരു ചരടിൽ കോർത്തിണക്കുകയും അതിരൂപതയുടെ ഓരോ ഉൾതുടിപ്പുകളും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന മാധ്യമമാണ് അപ്നാദേശ്. അഞ്ചു ഭൂഖണ്ഡങ്ങളിലേക്കും തപാലിൽ എത്തുന്ന കത്തോലിക്ക പ്രസിദ്ധീകരണം എന്ന ഖ്യാതി അപ്നാദേശിന്റെ മാത്രം സ്വന്തമാണ്. ഇതിന്റെ പ്രാധാന്യം മനസിലാക്കി നമ്മുടെ എല്ലാ ഭവനങ്ങളിലും അപ്നാദേശ് എത്തുന്നു എന്ന് ഉറപ്പുവരുത്താൻ ഏവരും ശ്രദ്ധിക്കണം. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ക്നാനായ മക്കളെ ഒരേചരടിൽ കോർത്തിണക്കാൻ അപ്നാദേശിന്റെ ഓൺലൈൻ പത്രം ഏറെ സഹായകമാകുന്നു. അപ്നാദേശ് ഓൺലൈൻ പത്രത്തിന് അറുപതിലധികം രാജ്യങ്ങളിൽ വായനക്കാരുണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്.

ദൈവം നമുക്കു നൽകിയ ബുദ്ധിയും വിവേകവും ഉപയോഗിച്ച് ദൈവമഹത്വത്തിനും സമൂഹ നന്മയ്ക്കുമായി സമ്പർക്ക മാധ്യമ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനാവശ്യമായ കൃപകൾ നിങ്ങൾക്കുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

N.B.: ഈ സർക്കുലർ മാധ്യമദിനമായ നവംബർ 18-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിച്ചറിയിക്കേണ്ടതും ആ ദിവസത്തെ സ്തോത്രക്കാഴ്ച മാധ്യമരംഗത്തെ സഭയുടെ പ്രവർത്തനങ്ങൾക്കായി അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.